## പതിനാലാം കേരള നിയമസഭ
## (പതിനെട്ടാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1422** **06.02.2020-ൽ മറുപടിയ്ക്ക്**

### മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതി

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | മറുപടി<br>ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
|---|---|
| എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര, പുത്തൂർ മത്സ്യ മാർക്കറ്റുകളുടെ നവീകരണ പദ്ധതിക്ക് കിഫ്ബിയുടെ അന്തിമ അനുമതി ലഭ്യമായിട്ടുണ്ടോ; അറിയിക്കുമോ; | എ) കൊല്ലം ജില്ലയിലെ കൊട്ടാരക്കര മത്സ്യമാർക്കറ്റ്, പുത്തൂർ മത്സ്യമാർക്കറ്റ്, എന്നിവ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. ടി മാർക്കറ്റുകൾ നവീകരിക്കുന്നതിന് സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റ്, പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കി വരുന്നു. |
| ബി) പദ്ധതിയുടെ അടങ്കൽ തുക മാർക്കറ്റുകൾ തിരിച്ച് വെളിപ്പെടുത്തുമോ; | ബി) കൊട്ടാരക്കര മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി 436.00 ലക്ഷം രൂപയുടെയും പുത്തൂർ മത്സ്യമാർക്കറ്റ് നവീകരിക്കുന്നതിനായി 244.82 ലക്ഷം രൂപയുടെയും അംഗീകാരമാണ് തത്വത്തിൽ നൽകിയത്. |
| സി) ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് പദ്ധതികൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | സി) പ്രസ്തുത മാർക്കറ്റുകളുടെ നവീകരണത്തിനുള്ള ഡി.പി.ആർ ന് കിഫ്ബിയുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് തുടർ നടപടി സ്വീകരിക്കാൻ കഴിയുന്നതാണ്. |

**സെക്ഷൻ ആഫീസർ**